**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2928** **18-03-2022 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിലെ കാട്ടാന ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിൽ 2016 മുതൽ 2021 വരെ കാട്ടാനയുടെ ആക്രമണത്തിൽ എത്ര പേരാണ് കൊല്ലപ്പെട്ടിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകാമോ; | (എ) | ഉടുമ്പൻചോല, ദേവികുളം മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന കോട്ടയം സർക്കിളിലെ മൂന്നാർ, മറയൂർ ഡിവിഷനുകളിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ 21 പേർ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ചിന്നക്കനാൽ - 8 ഇടമലക്കുടി - 1 ശാന്തൻപാറ - 5 ദേവികുളം - 4 മറയൂർ - 2 കാന്തല്ലൂർ - 1 കൂടാതെ, മൂന്നാർ വന്യജീവി ഡിവിഷനിൽ കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ചിന്നാർ വന്യജീവി സങ്കേതത്തിൽവച്ച് ഒരാൾ കാട്ടാനയുടെ ആക്രമണം മൂലം 2018 ൽ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | തോട്ടം തൊഴിലാളികൾക്ക് ജീവഭയം നിമിത്തം കൂലി വേലയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇപ്രകാരമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആക്രമണ സ്വഭാവം സ്ഥിരമായി കാണിക്കുന്ന കാട്ടാനകളെ പിടികൂടി സർക്കാരിന്റെ ആനക്കൊട്ടിലിലേയ്ക്കോ മറ്റോ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ദേവികുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന മൂന്നാർ ഡിവിഷനിൽ ആക്രമണ സ്വഭാവം കാണിച്ച അരിക്കൊമ്പൻ എന്ന കാട്ടാനയെ കുങ്കിയാനകളുടെ സഹായത്തോടെ പിടികൂടുന്നതിന് 2016-ൽ ശ്രമിച്ചിരുന്നുവെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. ആക്രമണം സ്വഭാവം കാട്ടുന്ന കാട്ടാനകളെ റേഡിയോ കോളറിംഗ് നടത്തി നിരീക്ഷിക്കുന്നത് പരിഗണിക്കുന്നതാണ് |
| (ഡി) | പ്രസ്തുത മണ്ഡലങ്ങളിൽ കാട്ടാന ശല്യം തടയുന്നതിന് നാളിതുവരെ നടത്തിയിട്ടുള്ള നടപടികൾ, ചെലവഴിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകാമോ? | (ഡി) | കാട്ടാനയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി സോളാർ ഫെൻസിംഗ്, ട്രഞ്ച്, എലിഫന്റ് പ്രൂഫ് മതിൽ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ജനവാസ മേഖലയിലേക്കിറങ്ങുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് കയറ്റി വിടുന്നതിനായി വാച്ചർമാരുടെയും ഇ.ഡി.സി അംഗങ്ങളുടെയും സഹകരണത്തോടെ |

| | | | |
|---|---|---|---|
| | | | വനാതിർത്തികളിൽ പെട്രോളിംഗ് നടത്തിവരുന്നുണ്ട്. പ്രശ്നകാരികളായ വന്യമൃഗങ്ങളെ കാട്ടിലേക്ക് മടക്കി അയയ്ക്കുന്നതിന് ആർ.ആർ.റ്റിയും പ്രവർത്തിക്കുന്നുണ്ട്. ജനവാസ മേഖലകളിൽ വന്യജീവികൾ പ്രവേശിച്ചാൽ പ്രദേശവാസികൾക്ക് "എസ്.എം.എസ്" മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ രൂപവൽക്കരിച്ചിട്ടുള്ള ജനജാഗ്രത സമിതികൾ യോഗം ചേർന്ന് ആക്രമണങ്ങളെ ചെറുക്കുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്ത് ആവശ്യഘട്ടങ്ങളിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാട്ടാനയുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതിനായി ദേവികുളം മണ്ഡലത്തിൽ സോളാർ ഫെൻസിംഗ്, ട്രഞ്ച്, എലിഫന്റ് പ്രൂഫ് മതിൽ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനായി 2.17 കോടി രൂപ ഹൈറേഞ്ച് സർക്കിളിലും 2011-2021 കാലയളവിൽ ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ കോട്ടയത്തിന് കീഴിൽ എലിഫന്റ് പ്രൂഫ് ട്രഞ്ച്, സോളാർ ഫെൻസിംഗ് എന്നീ പ്രവർത്തനങ്ങൾക്കായി 30.89 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ